## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1403** **13/07/2016-ൽ മറുപടിക്ക്**

## ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.വിൻസെന്റ്

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. ഹോമിയോപ്പതി വകുപ്പിൽ ജീവിത ശൈലീരോഗങ്ങൾ ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളായ ആയുർവ്വേദവും യോഗയും സമന്വയിപ്പിച്ചുകൊണ്ടുള്ള സമഗ്ര ചികിത്സാ പദ്ധതിയായ ആയുഷ് ഹോളിസ്റ്റിക്ക് കേന്ദ്രങ്ങളിലൂടെ പ്രമേഹം, രക്ത സമ്മർദ്ദം, കൊളസ്ട്രോൾ, ഗർഭാശയ രോഗങ്ങൾ, കാൻസർ തുടങ്ങിയ ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുക, ചികിത്സയിലൂടെ രോഗശാന്തി നൽകുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ? | (സി) | ഇപ്പോൾ ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം. കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വയനാട് ജില്ലയിൽ വാർഷിക പദ്ധതി പ്രകാരം പുതിയ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ